# Desabhimani
# 30 August 2018
# Kochi; Flood Relief Fund

## പ്രളയക്കെടുതി നേരിടാൻ എംപി ഫണ്ട് 10 കോടിയാക്കണം: ഇന്നസെന്റ്

**കൊച്ചി**

പ്രളയക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കാൻ പ്രളയബാധിത മേഖലകളിലെ എംപിമാർക്കുള്ള പ്രാദേശികവികസനഫണ്ട് 10 കോടി രൂപയായി വർധിപ്പിക്കണമെന്ന് ഇന്നസെന്റ് എംപി ആവശ്യപ്പെട്ടു. കേന്ദ്രാവിഷ്കൃതപദ്ധതികളിൽ ഉൾപ്പെടുത്തി നിർമിച്ച വികസനപദ്ധതികളുടെ നാശനഷ്ടം കണക്കാക്കി തത്തുല്യമായ തുക ബന്ധപ്പെട്ട പദ്ധതികളിലൂടെ അധികമായി അനുവദിക്കണമെന്നും എംപി ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ച് പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും എംപി നിവേദനം നൽകി.

പ്രളയം ഏറ്റവും നാശംവിതച്ച ലോക്സഭാമണ്ഡലമാണ് ചാലക്കുടി. പ്രാഥമിക കണക്കുകൾ അനുസരിച്ച് 2500 ഓളം വീടുകൾ പൂർണമായും 13,000 ഓളം വീടുകൾ ഭാഗികമായും നശിച്ചു. ചെറുകിട ഉൽപ്പാദന മേഖലയെ കനത്തതോതിൽ പ്രളയം ബാധിച്ചിട്ടുണ്ട്.

കച്ചവടം, കൃഷി, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രളയംവിതച്ച നാശനഷ്ടങ്ങൾ ആയിരങ്ങളെ നേരിട്ടു ബാധിക്കും.

ലോക്സഭാ മണ്ഡലപരിധിയിലെ ദേശീയപാതയിലുണ്ടായ തകർച്ച പരിഹരിക്കാൻ 30 കോടി രൂപയോളം വേണ്ടിവരുമെന്നാണ് പ്രാഥമികകണക്ക്. പിഎംജിഎ എസ്‌വൈ പദ്ധതിപ്രകാരം പണികഴിപ്പിച്ച റോഡുകളിൽ 67 റോഡുകൾക്ക് കേടുപാടു സംഭവിച്ചു.

97 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളാണ് ഭാഗികമായി തകർന്നത്. ഇവ വീണ്ടും യാത്രാ യോഗ്യമാക്കുന്നതിന് 20 കോടി രൂപയെങ്കിലും വേണ്ടിവരും. പ്രധാനമന്ത്രി ആവാസ് യോജനയിലുൾപ്പെടെ പണിതീർത്ത നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും നശിക്കുകയും ചെയ്തിട്ടുണ്ട്. എംപി ഫണ്ടുപയോഗിച്ച് ചാലക്കുടി താലൂക്കാശുപത്രിയിൽ നിർമിച്ച ഡയാലിസിസ് യൂണിറ്റും മാമോഗ്രാം യൂണിറ്റും വെള്ളപ്പൊക്കത്തിൽ നശിച്ചു. 1.30 കോടിയുടെ നഷ്ടം ഇങ്ങനെയുണ്ടായി.

എംപി ഫണ്ടുപയോഗിച്ച് നിർമിച്ച റോഡുകൾ, കാനകൾ തുടങ്ങിയവയ്ക്കും നാശനഷ്ടം സംഭവിച്ചു. സർക്കാർ ഓഫീസുകളും ആശുപത്രികളുമുൾപ്പെടെ പൊതുസ്ഥാപനങ്ങൾക്കും കാര്യമായ നഷ്ടമുണ്ടായി. ഈ സാഹചര്യത്തിൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും അധികതുക വകയിരുത്തണമെന്നും എംപി ആവശ്യപ്പെട്ടു.